പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 3787 21.6.2018 ലെ മറുപടിക്ക്

## ചകിരിയുടെ ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.ശർമ്മ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന തൊണ്ടിന്റെ എത്ര ശതമാനം ശേഖരിക്കുന്നതിനും സംസ്കരിച്ച് ചകിരിയാക്കുന്നതിനും സാധിക്കുന്നുണ്ടെന്ന പരിശോധന നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ ; | എ) സംസ്ഥാനത്ത് നിലവിൽ ലഭ്യമാകുന്ന തൊണ്ടിന്റെ 5% മാത്രമേ ചകിരിയാക്കാൻ കഴിയുന്നുള്ളു എന്ന് പഠനങ്ങളിൽ നിന്നും മനസ്സിലാക്കുന്നു. ഈ അവസ്ഥ മാറ്റി ചകിരി ഉൽപ്പാദനത്തിൽ വലിയൊരളവിൽ സ്വയംപര്യാപ്തത നേടുകയാണ് സർക്കാരിന്റെ ലക്ഷ്യം. |
| ബി) ഈ സർക്കാർ അധികാരമേറ്റശേഷം തൊണ്ടു സംഭരണത്തിലും സംസ്കരണത്തിലും നടത്തിയ ഇടപെടൽ മൂലം മുൻകാലങ്ങളെക്കാൾ എത്ര മാത്രം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വിശദമാക്കുമോ ; | ബി) കേരളത്തിൽ ലഭ്യമാകുന്ന തൊണ്ടുകൾ വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഡി.എഫ്. മില്ലുകളും സംസ്ഥാനത്ത് സ്ഥാപിച്ചുകൊണ്ട് ചകിരിയാക്കി മാറ്റുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. അടുത്ത മൂന്നു വർഷത്തിനുള്ളിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരിമേഖലയിൽ ഗണ്യമായ അളവിൽ സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| സി) സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചകിരി പൂർണ്ണമായും കയറും കയറുല്പന്നങ്ങളുമാക്കി മാറ്റുന്നതിന് സാധിക്കുന്നുണ്ടോ; | സി) കയറും കയർ ഉൽപ്പന്നങ്ങളുമാക്കി മാറ്റുന്നതിന് കഴിയുന്നുണ്ട്. |
| ഡി) കയർ വ്യവസായ മേഖലയുടെ അടിസ്ഥാന പ്രശ്നങ്ങളിൽ ഒന്നായ ചകിരിയുടെയും കയറിന്റെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നും അതിന്റെ നിലവിലെ അവസ്ഥയെന്താണെന്നും വെളിപ്പെടുത്തുമോ ; | ഡി) നാളികേര കൃഷി സജീവമായ മേഖലകൾ കേന്ദ്രീകരിച്ച് തൊണ്ട് ശേഖരണം നടത്തി ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. തൊണ്ട് സംഭരണവും വിതരണവും കാര്യക്ഷമമാക്കുന്നതിനായി കയർഫെഡിന്റെ നേതൃത്വത്തിൽ കുടുംബശ്രീ യൂണിറ്റുകൾ, അഗ്രോ ഫാർമേഴ്സ് സൊസൈറ്റികൾ, നാളികേര കർഷകർ എന്നിവയെ ബന്ധിപ്പിച്ചു കൊണ്ട് മൊബൈൽ ആപ്പ് വഴി തൊണ്ട് സംഭരണവും ചകിരി വിതരണവും നടത്തുന്നതിനുള്ള പദ്ധതി |

| | |
|---|---|
| | നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 1 ഡി. എഫ്. മെഷീൻ സ്ഥാപിക്കുകയും തദ്ദേശീയമായി ശേഖരിച്ച തൊണ്ടുൾപ്പെടെ ചകിരിയാക്കി മാറ്റുകയും ചെയ്യുന്നു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8,000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13/07/17 ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്.മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. വൈക്കം പ്രോജക്ട് പരിധിയിൽ 8000 തൊണ്ട് ദിനംപ്രതി ചകിരിയാക്കാൻ കഴിയുന്ന 7 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തൃശ്ശൂർ പ്രോജക്ടിന്റെ കീഴിൽ 10 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചതിൽ 3 എണ്ണം പ്രവർത്തനം ആരംഭിച്ചു. കോഴിക്കോട് പ്രോജക്ടിൽ 6 ഡി.എഫ്. മില്ലുകളും സ്ഥാപിച്ചുകഴിഞ്ഞു. 1000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളും 8000-ഓളം ഇലക്ട്രോണിക് റാട്ടുകളും ആവശ്യമായ മറ്റ് യന്ത്രങ്ങളും സ്ഥാപിച്ചുകൊണ്ട് കയർ പിരി മേഖല പൂർണ്ണമായി യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| ഇ) പ്രസ്തുത മേഖലയിലേയ്ക്ക് വരുന്ന നവസംരംഭകരെ ആകർഷിക്കുന്നതിനും സഹായിക്കുന്നതിനും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോ; വിശദമാക്കുമോ? | ഇ) നവസംരംഭകരെ ആകർഷിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി സ്വകാര്യ സംരംഭകർക്ക് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് പ്രവർത്തനമൂലധനം ഒഴികെയുള്ള പ്രോജക്ട് കോസ്റ്റിന്റെ 50% തുകയും (പരമാവധി 25 ലക്ഷം രൂപ) കയർപിത്ത് പ്രധാന അസംസ്കൃത വസ്തുവായി ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് പരമാവധി 15 ലക്ഷം രൂപ ഗ്രാൻറായും അനുവദിക്കുന്നതിന് ജി.ഒ.(എംഎസ്) നം. 44/2018/ഐഡി, തീയതി 11/06/18 പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ